# തെങ്ങിൽനിന്നു നീര ചെത്തി കർഷകൻ

കൊണ്ടോട്ടി: തെങ്ങിൽനിന്നു നീര ചെത്തി കർഷകർ വരുമാനം കണ്ടെത്തുന്നു. ചീക്കോട് ഫെഡറേഷന്റെ കീഴിലുള്ള ചെറിയാപറമ്പ് നാളികേര ഉത്പാദക സംഘം മുഖേനയാണ് നീര ചെത്തുന്നത്. 30 തെങ്ങ് നീര ചെത്താൻ കൊടുത്തപ്പോൾ ചീക്കോട് ചേനങ്ങാട്ടിൽ അവറാൻ കുട്ടിക്ക് ഒരു മാസം ലഭിച്ചത് 1,20,000 രൂപയാണ്. ഫെഡറേഷനു കീഴിൽ രജിസ്റ്റർ ചെയ്ത 280 തെങ്ങുകളിൽ 30 എണ്ണമാണ് അവറാൻകുട്ടിയുടേത്. ദിവസം 120 ലിറ്റർ എന്ന തോതിൽ മാസം 3,600 ലിറ്റർ നീരയാണ് ലഭിച്ചത്. സംസ്ഥാന സർക്കാറിന്റെ പ്രഥമ ക്ഷോണി പരിപാലിക് അവാർഡ് ജേതാവാണ് അവറാൻകുട്ടി.

ചെറിയാപറമ്പ് നടന്ന ചടങ്ങിൽ കെ. മുഹമ്മദുണ്ണി ഹാജി എം.എൽ.എ ചെക്ക് വിതരണം ചെയ്തു. നാസർ പൊന്നാട് അധ്യക്ഷനായി. സി. അവറാൻകുട്ടി, കെ.സി ഗഫൂർ ഹാജി, ഇസ്രത്ത് അസീസ്, കെ.പി.സി മുഹമ്മദ്, വീരാൻ ഹാജി ഓമാനൂർ, എം.പി മുഹമ്മദ് സംസാരിച്ചു.